II ഇ.ബി. XIII- കേരള നിയമസഭ/IV-4

പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 മാർച്ച് 20, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**10 (*91 & *115) റോഡ് പണിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം**

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): നൽകിയ മറുപടിയിൽ, റോഡ് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും 3 മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് രണ്ട് തലങ്ങളിലുള്ള പരിശോധനാക്രമങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആദ്യതലത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ് (MORTH) നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള പ്രവൃത്തിയാണെന്ന് ഉറപ്പുവരുത്തേണ്ടതും രണ്ടാംതലത്തിൽ സംസ്ഥാന ക്വാളിറ്റി കൺട്രോൾ സെൽ ഗുണനിലവാര പരിശോധന നടത്തി നൽകുന്ന സാക്ഷ്യപത്രങ്ങൾ കരാർ തുകയ്ക്കുള്ള ബില്ലിനൊപ്പം സമർപ്പിക്കേ

ണ്ടതുമാണ്. ദേശീയപാതാ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറും ചീഫ് എഞ്ചിനീയറും കാലാകാലങ്ങളിൽ പണികൾ പരിശോധിച്ച് പോരായ്മ കളുണ്ടെങ്കിൽ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ രണ്ട് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഏപ്രിൽ 1-ാം തീയതി മുതൽ നടപ്പാക്കുന്ന പുതുക്കിയ മാന്വലിലെ വ്യവസ്ഥയനുസരിച്ച് ഗുണനിലവാരം കുറഞ്ഞ പ്രവൃത്തികൾ കണ്ടെത്തിയാൽ കരാറുകാരൻ സ്വന്തം ചെലവിൽ പൊളിച്ചുമാറ്റി ഗുണനിലവാരം ഉറപ്പാക്കി വീണ്ടും പണി ചെയ്യാത്തപക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് അത് പൊളിച്ച് മാറ്റാവുന്നതും അതിനായി ചെലവാകുന്ന തുക കരാറുകാരന്റെ ബില്ലിൽനിന്നും ഈടാക്കാവുന്നതുമാണ്. മാത്രമല്ല റോഡുകൾക്ക് ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും കെട്ടിടങ്ങൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് ആധാരമാക്കിയുമാണ് എസ്റ്റിമേറ്റ് തയ്യാറാ ക്കേണ്ടതെന്ന് മന്ത്രി വ്യക്തമാക്കി. പൊതുമരാമത്ത് വകുപ്പിനോടൊപ്പംതന്നെ മറ്റ് അംഗീകൃത ഏജൻസികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള കരാറുകാർക്കും ഇനിമുതൽ പൊതുമരാമത്ത് വകുപ്പിന്റെ ടെണ്ടറുകളിൽ പങ്കെടുക്കാവുന്നതാണ്. ഇ-പേമെന്റ് സംവിധാനത്തിലൂടെ ബാങ്ക് അക്കൗണ്ട് വഴി കരാറുകാർക്ക് ബിൽ തുക ലഭ്യമാക്കുന്നതാണെന്നും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തി ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ റോഡ് വികസന പദ്ധതിയുടെ നടത്തി പ്പിനായി സർക്കാർ ഉടമസ്ഥതയിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 1000-ൽപ്പരം

കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണം, നവീകരണം, സംരക്ഷണം എന്നീ ചുമതലകളുള്ള നിർദ്ദിഷ്ട കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസ്സിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസ്സിയേഷനും സർക്കാർ അംഗീകരിച്ച് കമ്പനി രൂപീകരിക്കുന്നതിനായി രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്കുള്ള ശുപാർശ കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ സാദ്ധ്യതാ പഠനം നടത്തിവരികയുമാണ്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലേതുൾപ്പെടെയുള്ള മുഴുവൻ റോഡുകളും സമയബന്ധിതമായി ബി.എം.&ബി.സി-യാക്കി ഗുണനിലവാരം ഉയർത്താനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെ.എസ്.ടി.പി. റോഡുകളുൾപ്പെടെയുള്ള എല്ലാ റോഡുകൾക്കും 5 വർഷത്തെ ഗ്യാരന്റി ഉറപ്പാക്കുന്നുണ്ടെന്നും റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് നടക്കുന്ന ക്രമക്കേടുകൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. റോഡു പണി നടക്കുന്ന സ്ഥലങ്ങളിൽ പ്രവൃത്തിയുടെ ഡീറ്റെയിൽസ് പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. സീപോർട്ട്-എയർപോർട്ട് റോഡിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും കളമശ്ശേരി മുതൽ നെടുമ്പാശ്ശേരി വിമാനത്താവളം വരെയുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത ജില്ലാ പഞ്ചായത്ത് റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണെന്നും തിരുവനന്തപുരത്തും കൊച്ചിയിലും പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം വിജയകരമായി പരീക്ഷിച്ചുകഴിഞ്ഞുവെന്നും

അത്തരം പ്രവൃത്തികളുടെ പരിസ്ഥിതി ആഘാത പഠനം നടത്തിവരികയാണെന്നും ഹിൽ ഹൈവേയുടെ നിർമ്മാണം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് ഒരു പദ്ധതി ആവിഷ്ക്കരിക്കാനാണ് സർക്കാർ ആലോചിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**11 (*92) <u>അദ്ധ്യാപക പാക്കേജ്</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, അദ്ധ്യാപക പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നുണ്ടെന്നും വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് 01-06-2011 മുതൽ നിയമനാംഗീകാരം നൽകി ശമ്പളം നൽകുന്നതിന് പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 90 ശതമാനത്തിലധികം അദ്ധ്യാപകർക്കും ശമ്പളം നൽകിയിട്ടുണ്ടെന്നും പരാതിയുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഗവൺമെന്റ് സ്കൂളുകളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് പകരമായി പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്താൻ ഉത്തരവ് നൽകിയിട്ടുണ്ട്. 15-07-1997 മുതൽ റഗുലർ തസ്തികയിൽ ജോലി ചെയ്തുകൊണ്ടിരിക്കെ കുട്ടികളുടെ കുറവുമൂലം പുറത്തുപോകേണ്ടിവന്ന പ്രൊട്ടക്ഷന് അർഹതയില്ലാത്ത അദ്ധ്യാപകരെ റിട്രെൻച്ഡ് ലിസ്റ്റിൽപ്പെടുത്തി ട്രെയിനിംഗ് നൽകി അദ്ധ്യാപക ബാങ്കിലൂടെ പുനർനിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അദ്ധ്യാപക ബാങ്കിലുള്ള മുഴുവൻ അദ്ധ്യാപകർക്കും അടുത്ത അദ്ധ്യയന വർഷം നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 31-03-2011 വരെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും

അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതോടുകൂടി നിയമനം, ശമ്പളം തുടങ്ങിയവ സംബന്ധിച്ച് കോടതികളിൽ നിലനിൽക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽവന്ന 2010 മുതൽ NCTE -യുടെ നിർദ്ദിഷ്ട യോഗ്യതയില്ലാത്ത അദ്ധ്യാപകർ TET പാസ്സാകേണ്ടതും ആയതിലേക്ക് അഞ്ച് വർഷത്തെ സമയ പരിധി അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയത് 2011-12 അദ്ധ്യയന വർഷം മുതലായതിനാൽ സർവ്വീസിലുള്ള അദ്ധ്യാപകരെ TET പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടെന്നും അത് കിട്ടുന്നമുറയ്ക്ക് ആവശ്യ മായ നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള പ്രവേശന യോഗ്യതയായ SET പാസ്സായ അദ്ധ്യാപകരെ TET പാസ്സാകുന്നതിൽനിന്നും ഒഴിവാക്കുന്നതിനും കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുമ്പോൾ അൺഎയ്ഡഡ്/പ്രീ-പ്രൈമറി മേഖലയിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കൃത്യമായ നിയമവ്യവസ്ഥകൾ പാലിച്ചിട്ടു ണ്ടെന്നും എൻ.ഒ.സി.ക്ക് അപേക്ഷ നൽകിയിരുന്ന നിലവിലുള്ള 82 സ്കൂളു കൾക്ക് അത് നൽകിയിട്ടുണ്ടെന്നും കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമപ്ര കാരം 2013 അദ്ധ്യയന വർഷംമുതൽ ഒന്നാം ക്ലാസ് പ്രവേശനത്തിന് ആറ് വയസ്സ് പൂർത്തിയായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ടെന്നും

പ്രസ്തുത വ്യവസ്ഥ അൺഎയ്ഡഡ് സ്കൂളുകൾക്കും ബാധകമായിരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*93) <u>സർക്കാർ ഭൂമി കയ്യേറ്റം തടയാൻ നടപടി</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സർക്കാർ ഭൂമി കയ്യേറിയവർക്കെതിരെ കേരള ഭൂ സംരക്ഷണ നിയമപ്രകാരം നടപടികളെടുക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ ഭൂമിയുടെ താലൂക്കുതലത്തിലുള്ള ഇൻവെന്ററി തയ്യാറാക്കി ജില്ലാ/താലൂക്ക് ആസ്ഥാനങ്ങളിൽ സൂക്ഷിക്കുകയും ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തുകയും വില്ലേജ് ഓഫീസർമാർ പുറമ്പോക്ക് പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗം വിളിച്ചുചേർത്ത് മറ്റു വകുപ്പുകളുടെ അധീനതയിലുള്ള പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച് അവലോകനം നടത്തുകയും പുറമ്പോക്ക് സംരക്ഷിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാതലത്തിൽ രൂപീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികൾ എൽ.ആർ. കോൺഫറൻസിൽ അവലോകനം ചെയ്യുന്നുണ്ട്. അന്യവകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയിൽ നടക്കുന്ന കയ്യേറ്റം തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതിന് അതാത് വകുപ്പ് അധികാരികളെ രേഖാമൂലം അറിയിക്കുകയും അത്തരം കയ്യേറ്റങ്ങൾ പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ കൈവശമുള്ള സർക്കാർ ഭൂമി സംബന്ധിച്ച വിവരങ്ങൾ റവന്യൂ റിക്കാർഡുമായി ഒത്തുനോക്കി കൃത്യത വരുത്തേണ്ടത് അതാത് വകുപ്പുകളാണ്. റവന്യൂ ഭൂമി ഒഴികെയുള്ള കയ്യേറ്റ ഭൂമി ബന്ധപ്പെട്ട

വകുപ്പുകളാണ് ഒഴിപ്പിക്കുന്നതെങ്കിലും റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെടുന്ന കേസ്സുകളിൽ അഡീഷണൽ തഹസിൽദാർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാർ പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി താലൂക്ക് സർവ്വേയർ മുഖാന്തിരം കയ്യേറ്റ ഭൂമി അളന്നു തിട്ടപ്പെടുത്തുകയും കേരള ഭൂ സംരക്ഷണ നിയമപ്രകാരം വില്ലേജ് ഓഫീസർ കയ്യേറ്റം ബുക്കുചെയ്ത് നൽകുകയും അഡീഷണൽ തഹസിൽദാർ കക്ഷിയെ നേരിട്ട് കേട്ടശേഷം കയ്യേറ്റം ഒഴിഞ്ഞുപോകാൻ ഉത്തരവ് നൽകുകയും ചെയ്യുന്നുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം റോഡ്, തോട്, കനാൽ, കായൽ, പുറമ്പോക്ക് മുതലായവയുടെ സംരക്ഷണം പഞ്ചായത്തിൽ നിക്ഷിപ്തമാണെന്നും ഇവയിന്മേലുള്ള കയ്യേറ്റം തടയുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും പിഴ ചുമത്തുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ദേശീയപാത, ജലസേചനം എന്നിവിടങ്ങളിലെ കയ്യേറ്റം നീക്കംചെയ്യുന്നതിന് അതാതു വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഭൂരേഖ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് 'ഭൂമി കേരളം' പദ്ധതിപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ അറിവോടുകൂടി നിയമാനുസൃതമായി മാത്രമേ ഒരു വകുപ്പിൽ നിന്ന് മറ്റൊരു വകുപ്പിലേയ്ക്ക് ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ 2009 ഏക്കർ കയ്യേറ്റ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടെന്നും അവ ജണ്ടയിട്ട് വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും കയ്യേറ്റം തടയുന്നതിനായി റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ രൂപം നൽകിയിട്ടുള്ള ലാന്റ്

പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പാസ്സിംഗ് ഔട്ട് പരേഡ് ഈ മാസം അവസാന ത്തോടുകൂടി നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*94) വിനോദ സഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങൾ

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ആഗോള തലത്തിൽ അനുഭവപ്പെടുന്ന സാമ്പത്തികമാന്ദ്യം അയൽ സംസ്ഥാനങ്ങളിൽ നിന്നും അയൽരാജ്യങ്ങളിൽ നിന്നും നേരിടുന്ന മത്സരം, ടൂറിസം കേന്ദ്ര ങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഉയർന്ന നിലവാര മുള്ള മാനവ വിഭവശേഷിയുടെ അപര്യാപ്തത തുടങ്ങി വിനോദസഞ്ചാര മേഖല നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിവന്ന പദ്ധതികൾ തുടരുന്നതോടൊപ്പം ഒട്ടനവധി നൂതന പദ്ധതികളും പരിപാടികളും നടപ്പാക്കി വരുന്നുണ്ടെന്ന് സഭയെ അറി യിച്ചു. കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിലും ഈ മേഖല യിൽ നിന്നുള്ള വരുമാനത്തിലും ഉണ്ടായ വർദ്ധനവും ഈ വകുപ്പിന്റെ മിക വാർന്ന പ്രകടനത്തിന് ഇന്ത്യയ്ക്കകത്തും വിദേശത്തും നിന്ന് ലഭിച്ച അംഗീ കാരങ്ങളും വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവുക ളാണെന്നും 2011-ൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം 732985 ആയും ആഭ്യന്തര സഞ്ചാരികളുടെ എണ്ണം 9381455 ആയും ടൂറിസം മേഖലയിൽ നിന്നുള്ള വിദേശ നാണ്യ വരുമാനം 4222.99 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2011-ൽ ടൂറിസത്തിൽ നിന്നുള്ള മൊത്ത വരുമാനം 19,037 കോടി രൂപയാണ്. പുതിയ ടൂറിസം വിപണികളായി കഴിഞ്ഞ സർക്കാർ കണ്ടെത്തിയ സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ വിപ

ണന പ്രക്രിയ തുടർന്നുവരുന്നു. കഴിഞ്ഞ സർക്കാർ പങ്കെടുത്ത എല്ലാ അന്തർദേശീയ/ദേശീയ ടൂറിസം മാർക്കറ്റുകളിലും റോഡ് ഷോകളിലുമുള്ള പങ്കാളിത്തം ഈ സർക്കാരും തുടരുന്നുണ്ടെന്നും പുതുതായി കണ്ടെത്തിയ മാർക്കറ്റുകളായ റഷ്യ, മിഡിൽ ഈസ്റ്റ്, ആസ്ട്രേലിയ തുടങ്ങിയ വിപണികളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. കോവളം, പൊന്മുടി, വർക്കല, ആക്കുളം-വേളി-ശംഖുംമുഖം, ആലപ്പുഴ, ഫോർട്ട് കൊച്ചി, വയനാട്, നിലമ്പൂർ, ബേക്കൽ തുടങ്ങിയ കേന്ദ്രങ്ങളുടെ സമഗ്രവികസന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. മുസിരിസ് പദ്ധതി കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതോടൊപ്പം തലശ്ശേരി ഹെറിറ്റേജ് പദ്ധതി നടപ്പിലാക്കുന്നതിനും പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. ടൂറിസം-ഹോസ്പിറ്റാലിറ്റി മേഖലകളിൽ പരിശീലനം ലഭിച്ച തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ്, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾവഴി പുതിയ കോഴ്സുകളും ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തിവരുന്നുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 914 മുതൽ 1331 വരെയുള്ള ചോദ്യങ്ങളിൽ 180 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)